**ഏപ്രിൽ 20,2014**

പ്രചാരണ ഡയറി 20..04..14

അരുൺ ജെയ്റ്റ്‌ലി,
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

ലോക്പാൽ ആക്ടനുസരിച്ച് യു.പി.എ. ഗവൺമെന്റ് നിയമങ്ങൾ രൂപവൽക്കരിച്ചു കഴിഞ്ഞുവെങ്കിലും ലോക്പാൽ വിവാദം ഇതുവരെ അവസാനിച്ചിട്ടില്ല. എന്നാൽ പ്രഥമദൃഷ്ട്യാ നിയമങ്ങൾ ലോക്പാൽ ആക്ടിന് എതിരായിട്ടാണ് നീങ്ങുന്നത്. സുപ്രീം കോടതിക്ക് ഇതൊരു വെല്ലുവിളിയായി ഇതിനകം മാറിക്കഴിഞ്ഞു.

തിരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പ് യു.പി.എ. ഗവൺമെന്റ് ലോക്പാൽ അദ്ധ്യക്ഷനെയും അംഗങ്ങളെയും ഒരു പരിശോധനാ കമ്മിറ്റിയെയും ധൃതിപ്പെട്ട് നിയമിക്കുകയുണ്ടായി. ഉദ്യോഗസ്ഥർ പരിശോധനാ കമ്മിറ്റിയുടെ അധികാരങ്ങൾ പിടിച്ചെടുക്കുകയും നിയമിക്കപ്പെടേണ്ട വ്യക്തികളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ, വിശിഷ്ട വ്യക്തികളുൾപ്പെടെ പരിശോധനാ കമ്മിറ്റിയിലെ എല്ലാ അംഗങ്ങളും ഈ നടപടിയിൽ അസംതൃപ്തരായിരുന്നു. രണ്ടു പ്രധാന അംഗങ്ങളായ ഫാലി എസ്. നരിമാൻ, ജസ്റ്റിസ് കെ.ടി. തോമസ് എന്നിവർ പരിശോധന കമ്മിറ്റിയിൽ നിന്ന് രാജിവയ്ക്കുകയുമുണ്ടായി.

പരിശോധന കമ്മിറ്റിയിലെ അംഗസംഖ്യയിൽ ഇപ്പോൾ കുറവു വന്നിട്ടുണ്ട്. ഈ കമ്മിറ്റി രൂപീകരിച്ച ശേഷം നിയമിതരാകാൻ ശുപാർശ ചെയ്തിട്ടുള്ള എല്ലാ വ്യക്തികളെയും സൂക്ഷ്മ പരിശോധന നടത്തിയശേഷം അവരുടെ പേരുകൾ പ്രസിഡന്റിന് അയച്ചുകൊടുക്കണം.

തിരഞ്ഞെടുപ്പിന്റെ പകുതി ഘട്ടം ഇതിനകം പൂർണ്ണമായിക്കഴിഞ്ഞു. തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കുന്നതിന് 26 ദിവസം അവശേഷിക്കുന്നുണ്ട്. അതിനുശേഷം ഗവൺമെന്റ് രൂപീകരണം ആരംഭിക്കും. തിരഞ്ഞെടുപ്പോടെ യു.പി.എ. പുറത്താകുമെന്ന് ഉറപ്പായ സ്ഥിതിക്ക് ഇത്ര പെട്ടെന്ന് ലോക്പാൽ നിയമനം നടത്തേണ്ടിയിരുന്നോ? തീർച്ചയായും വേണ്ടായിരുന്നു എന്നതാണ് വാസ്തവം.

ഇത്രയും വേഗത്തിൽ ലോക്പാൽ നിയമനം നടത്തിയതിലൂടെ യു.പി. എ. ഗവൺമെന്റ് നിയമലംഘനവും മര്യാദയില്ലായ്മയുമാണ് കാണിച്ചത് . ഇതിനു പുറമേ ഈ നിയമനത്തിനു പിന്നിലെ നടപടിക്രമങ്ങൾ സംശയം ജനിപ്പിക്കുന്നവയുമാണ്. ധൃതിപിടിച്ച നിയമനത്തിലൂടെ ലോക്പാൽ രൂപീകരണത്തിനു മുൻപുതന്നെ അതിന്റെ വിശ്വാസ്യത നഷ്ടമാക്കാനും ഇത് ഇടയാക്കി. ആയതിനാൽ ഈ നിയമനവുമായി ബന്ധമുള്ള എല്ലാ നടപടിക്രമങ്ങളും ഉടൻതന്നെ നിറുത്തിവയ്ക്കണം. പരിശോധനാ കമ്മിറ്റിയിലുണ്ടായിട്ടുള്ള ഒഴിവുകൾ നികത്താൻ വേണ്ടി പ്രധാനമന്ത്രിയുടെ ഓഫീസ് വിളിച്ചുകൂട്ടിയ പരിശോധനാ കമ്മിറ്റി യോഗം നടത്താൻ അനുവദിക്കരുത്.

ഡോ. മൻമോഹൻസിംഗ് പിരിഞ്ഞുപോകുന്ന ഘട്ടത്തിലെത്തിയിരിക്കുകയാണ്. ഈ അവസരത്തിൽ ലോക്പാൽ നിയമനം ധൃതിപിടിച്ച് നടപ്പിലാക്കിയാൽ പാർട്ടി നേതൃത്വത്തിനുവേണ്ടി നിയമസ്ഥാപനങ്ങളെ നശിപ്പിച്ച പ്രധാനമന്ത്രി എന്ന പേരിലായിരിക്കും അദ്ദേഹം ഓർമ്മിക്കപ്പെടുക. അഥവാ അദ്ദേഹം ധൃതിപിടിച്ച് നിയമനം നടപ്പിലാക്കാൻ ശ്രമിച്ചാൽ ഇന്ത്യയിലെ ശക്തമായ ജനാധിപത്യ വ്യവസ്ഥ ആ ശ്രമം വിജയിപ്പിക്കാൻ ഒരിക്കലും അനുവദിക്കില്ല. പ്രധാനമന്ത്രിയിൽ അവശേഷിക്കുന്ന വിശ്വാസ്യത ഇതുവഴി നഷ്ടമാകാനേ ഈ പ്രവൃത്തി സഹായിക്കുകയുള്ളൂ.